# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5279
### 02.07.2013-ലെ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ സബ് ട്രഷറികൾ അനുവദിക്കണമെന്ന ആവശ്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം.മാണി |
| (എ) | കാസർഗോഡ് ജില്ലയിൽ എം.എൽ.എമാർ നിവേദനം നൽകിയിട്ടും ബദിയടുക്ക, തൃക്കരിപ്പൂർ, രാജപുരം എന്നിവിടങ്ങളിൽ സബ് ട്രഷറികൾ അനുവദിച്ചിട്ടില്ലെന്നും കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഗ്രാമപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, എം.എൽ.എ എന്നിവർ ആവശ്യപ്പെട്ടതല്ലാതെ എവിടെയും സബ്ട്രഷറികൾ അനുവദിച്ചിട്ടില്ലെന്നും 18.06.2013ന്റെ നക്ഷത്ര ചിഹ്നമിടാത്ത 2163 നമ്പർ ചോദ്യത്തിന് മറുപടി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ എം.എൽ.എയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടും എവിടെയും സബ് ട്രഷറി അനുവദിക്കാത്തതും മേൽപ്പറഞ്ഞവർ ആവശ്യപ്പെട്ട രാജപുരം സബ് ട്രഷറി അനുവദിക്കാതിരുന്നതും എന്തു കൊണ്ടാണ്; | സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നതിനാലുമാണ് രാജപുരം ഉൾപ്പെടെയുള്ള പുതിയ സബ് ട്രഷറികൾ ആരംഭിക്കണമെന്ന ശുപാർശകൾ നിരാകരിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| (സി) | ജനപ്രതിനിധികളുടെ കാലാകാലങ്ങളായുള്ള നിവേദനവും സർക്കാർ നടപടികളും അവഗണിച്ച് മണ്ഡലത്തിലെ മാലക്കല്ലിൽ സബ് ട്രഷറി അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാമോ? | 2012-13 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥനയിൽ തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് മാലക്കല്ല് സബ് ട്രഷറി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയത്. |

സെക്ഷൻ ഓഫീസർ